30-9-2021-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

പാലക്കാട് മരുതറോഡ് പി.എച്ച്.സി.-യിൽ കോവിഡ് ഐസൊലേഷൻ വാർഡ്

186 (186) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മരുതറോഡ് പി.എച്ച്.സി.-യിൽ കോവിഡ് ഐസൊലേഷൻ വാർഡ് സ്ഥാപിക്കുവാൻ ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കാമോ; ആയതിന്റെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലമ്പുഴ നിയോജക മണ്ഡലത്തിലെ മരുതറോഡ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് 26-7-2021-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. 10 കിടക്കകളുള്ള 140 ഐസൊലേഷൻ വാർഡുകൾക്കായി 236.3 കോടി രൂപയ്ക്കാണ് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുള്ളത്. പ്രീ എഞ്ചിനീയറിംഗ് സ്ട്രക്ചർ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്ഷണിച്ചിട്ടുള്ള ആർ.എഫ്.പി പ്രൊപ്പോസൽ ലഭിച്ചാൽ മാത്രമേ ഒരു ഐസൊലേഷൻ വാർഡിനുവേണ്ടി വരുന്ന കൃത്യമായ തുക കണക്കാക്കുവാൻ കഴിയുകയുള്ളൂ.

നാദാപുരം താലൂക്കാശുപത്രി

187 (187) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്കാശുപത്രിയുടെ പുതിയ ബ്ലോക്കിലേയ്ക്ക് മെഡിക്കൽ ഉപകരണങ്ങളും മറ്റ് സ്റ്റേഷനറികളും ലഭ്യമാക്കുന്നതിന് നൽകിയ പ്രൊപ്പോസലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബ്ലോക്കിലേയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) നാദാപുരം താലൂക്കാശുപത്രിയുടെ പുതിയ ബ്ലോക്കിനായി അനുവദിച്ച 10 ലക്ഷം രൂപയിൽ 1,66,156 രൂപയുടെ താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

Fire -Extinguisher- Rs. 45,371/-

Portable X-ray Film - Rs. 50,617/-

Led Spot Light - Rs. 20,000/-

Indent Trolley- Rs. 20,168/-

Finger Tips Pulse Oximeter - Rs. 30,000/-

പ്രസ്തുത തുകയിൽനിന്നും സ്പോൺസർഷിപ്പ് മുഖേനയും താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഹോസ്പിറ്റൽ കോട്ട്

2. ബെഡ് സൈഡ് ലോക്കർ

3. ഫ്രിഡ്ജ്

4. വാട്ടർഹീറ്റർ

5. ക്രോഷ് കാർട്ട്

6. IV സ്റ്റാൻഡ്

7. എക്സാമിനേഷൻ ടേബിൾ

8. സി.സി.ടി.വി ഫെസിലിറ്റി

9. പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം

10. സബ്മെർസിബിൾ പമ്പ്

11. ഇന്റർ കോം ഫെസിലിറ്റി

ആശുപത്രികളുടെ പ്രവർത്തനവും വികസനവും

188 (188) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; ഇവിടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത്സെന്റർ, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ Urban Health Training Centre ആയി പ്രവർത്തിച്ചുവരികയാണ്. മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ് പാങ്ങപ്പാറ

LIBRARY ARCHIVES Kerala Legislative Assembly